എഫ്3-6901/2019/ഡി.ഐ.എം.എസ്

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം – 14,

തീയതി, 20/09/2019

## സർക്കുലർ

വിഷയം :- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - അക്കൗണ്ട്സ് - 2019-20 - വർഷത്തെ മരുന്നു വാങ്ങൽ - RC 140 പ്രകാരമുള്ള മരുന്നുകൾ – സംബന്ധിച്ച്.

സൂചന :- 03/09/2019 തീയതിയിലെ പർച്ചേയ്സ് ഉത്തരവ്

......

2019-20 വർഷത്തെ ഉപയോഗത്തിനുള്ള മരുന്നു വാങ്ങൽ നടപടികളുടെ ഭാഗമായി RC 140 പ്രകാരം ആശുപത്രികളിലും ഡിസ്പെൻസറികളിലും ഉപയോഗിക്കുന്നതിനുള്ള മരുന്നുകൾ വാങ്ങുന്നതിന് വിവിധ കമ്പനികൾക്ക് പർച്ചേസ് ഓർഡറുകൾ നൽകിയിരിക്കുന്നു. സെൻട്രൽ മെഡിക്കൽ സ്റ്റോർ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തന നടപടികൾ നടക്കുന്നതിനാൽ ഇവിടെ നിന്നും മരുന്നു വിതരണം നടത്തി വരുന്ന ആശുപത്രികളിലും ഡിസ്പെൻസറികളിലും പ്രധാനപ്പെട്ട പല മരുന്നുകളും നേരിട്ട് വിതരണം ചെയ്യാൻ കമ്പനികൾക്ക് ഉത്തരവു നൽകിയിരിക്കുകയാണ്. ഈ ഉത്തരവിന്റെ കോപ്പികൾ ഇ-മെയിൽ മുഖേന സ്ഥാപനങ്ങളിലേയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്. ഈ പർച്ചേസ് ഓർഡറുകൾ പ്രകാരം ആശുപത്രികളിലും ഡിസ്പെൻസറികളിലും മരുന്നുകൾ വിതരണം ചെയ്തു ലഭിക്കുമ്പോൾ അവ സ്വീകരിക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

❖ പർച്ചേസ് ഉത്തരവുകളിൽ ആവശ്യപ്പെട്ടിരിക്കുന്ന മരുന്നിന്റെ ഇനവും അളവും തന്നെയാണ് ഇൻവോയ്സിൽ രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

❖ മരുന്നുകൾ സപ്ലൈ ചെയ്തു ലഭിക്കുമ്പോൾ ശ്രദ്ധാപൂർവ്വം പരിശോധിച്ച് എണ്ണവും ഇനവും ഉറപ്പു വരുത്തേണ്ടതും അതുപ്രകാരമുള്ള ഒറിജിനൽ ഇൻവോയ്സ് ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതുമാണ്. ഇൻവോയ്സ് ഉൾപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ പർച്ചേസ് ഓർഡർ പ്രകാരമുള്ളതാണെങ്കിൽ സ്വീകരിക്കേണ്ടതും ഇൻവോയ്സ് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് എൻട്രി നടത്തേണ്ടതുമാണ്. മരുന്നു ലഭിച്ച തീയതി, ഇൻവോയ്സ് ലഭിച്ച തീയതി ഇവ വ്യക്തമായി ഇൻവോയ്സിൽ രേഖപ്പെടുത്തേണ്ടതാണ്. ലഭിച്ചിരിക്കുന്ന മരുന്നിന്റെ ശരിയായ ഇനം, എണ്ണം, വില എന്നിവ ഇൻവോയ്സിലെ വിവരങ്ങളുമായി ഒത്തുനോക്കി വ്യക്തത വരുത്തേണ്ടതാണ്.

❖ ഓരോ മരുന്നിനങ്ങളും ലഭിക്കുമ്പോൾ ആ ദിവസം തന്നെ വ്യക്തമായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണം. കൂടാതെ, ഇൻവോയ്സിൽ വ്യക്തമായി ഇതു സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും വേണം. ഇൻവോയ്സിൽ രേഖപ്പെടുത്തുന്നതിന് സഹായകമായ മാതൃകാ Template താഴെപ്പറയുന്നു.

(.....2)

Received ............. Nos. of ....................................................................................(Name of item)
(Tabs/Caps/Bottles/..................)

Checked and found correct, received in good condition and Brought into Stock Register

Page No. ........................ of Volume ........................ and confirmed to Specification.

Date of receipt of Invoice ..................................

Date of receipt of Medicine/Item ................................

(Late Supply Penalty .............%)

- 'ESI Supply – Not for Sales' എന്ന Stamping ഉള്ളവ മാത്രമേ സ്റ്റോക്കിൽ എടുക്കാവൂ.
- പർച്ചേസ് ഓർഡർ പ്രകാരമുള്ള അളവിൽ കൂടുതൽ ലഭിച്ചാൽ, ഓർഡറിൽ ഉള്ളതുമാത്രം സ്റ്റോക്കിൽ എടുക്കുകയും, 'Excess Quantity Supplied' എന്ന് ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പർച്ചേസ് ഓർഡർ പ്രകാരമുള്ളതിലും കുറഞ്ഞ അളവിൽ ലഭിച്ചാൽ അത് സ്വീകരിക്കേണ്ടതും, ലഭിച്ചിരിക്കുന്ന അളവ് മാത്രം സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്.
- Date of receipt of Invoice, Date of receipt of Medicine/Item ഇവയിൽ ഏതാണോ അവസാനം ലഭിച്ചത്, ആ ദിവസം കണക്കാക്കിയാണ് Late Supply Penalty നിശ്ചയിക്കേണ്ടത്.
- Payment നടപടികൾ RC വ്യവസ്ഥ പ്രകാരം കാലതാമസം കൂടാതെ നടത്തുന്നതിനായി, ലഭിച്ചിരിക്കുന്ന അസ്സൽ ഇൻവോയ്സ് രണ്ട് കോപ്പികൾ ഉൾപ്പെടെ സ്റ്റോക്ക് എൻട്രി വിവരങ്ങൾ രേഖപ്പെടുത്തുകയും പർച്ചേസ് ഓർഡറിന്റെ നമ്പർ, തീയതി എന്നിവ റഫറൻസ് ആയി ഉൾപ്പെടുത്തുകയും ചെയ്ത് ഡയറക്ടറേറ്റിലേയ്ക്ക് ഉടൻ തന്നെ അയച്ചു തരേണ്ടതാണ്.
- RC വ്യവസ്ഥ പ്രകാരം പർച്ചേസ് ഓർഡർ കോപ്പികൾ തപാലിൽ അയച്ച ദിവസം മുതൽ 42 ദിവസത്തിനുള്ളിലാണ് കമ്പനികൾ വിതരണം പൂർത്തിയാക്കേണ്ടത്. ഇതിനുശേഷം ലഭിക്കുന്നവയ്ക്ക് Payment നടത്തുമ്പോൾ ആഴ്ചയ്ക്ക് 2% നിരക്കിൽ പരമാവധി 10% Late Supply Penalty ഈടാക്കുന്നതാണ്. പർച്ചേസ് ഓർഡറുകളിൽ date of despatch ആയി 06/09/2019 ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തപാൽ വഴി കമ്പനികൾക്ക് അവ അയച്ചിരിക്കുന്നത് 10/09/2019-ന് മാത്രമാണ്. ഇതുപ്രകാരം Penalty കണക്കാക്കാനുള്ള തീയതികൾ താഴെപ്പറയുന്നു.

(.....3)

| | | |
|---|---|---|
| പിഴ കൂടാതെ വിതരണം ചെയ്യേണ്ട അവസാന തീയതി | - | 21/10/2019 |
| Late Supply Penalty @ 2% | - | 22/10/2019 മുതൽ 28/10/2019 വരെ |
| Late Supply Penalty @ 4% | - | 29/10/2019 മുതൽ 04/11/2019 വരെ |
| Late Supply Penalty @ 6% | - | 05/11/2019 മുതൽ 11/11/2019 വരെ |
| Late Supply Penalty @ 8% | - | 12/11/2019 മുതൽ 18/11/2019 വരെ |
| Late Supply Penalty @ 10% | - | 19/11/2019 മുതൽ 25/11/2019 വരെ |

26/11/2019-നോ അതിനുശേഷമോ ലഭിക്കുന്ന ഇനങ്ങൾ ഡയറക്ടറേറ്റിൽ നിന്ന് മതിയായ നിർദ്ദേശം കൂടാതെ സ്ഥാപനങ്ങളിൽ സ്വീകരിക്കേണ്ടതില്ല.

ഇതു സംബന്ധിച്ചുള്ള കൂടുതൽ കൃത്യത, സ്റ്റോർ സൂപ്രണ്ടിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർക്കുവേണ്ടി

സ്വീകർത്താവ്

(1) സ്റ്റോർ സൂപ്രണ്ട്, സെൻട്രൽ മെഡിക്കൽ സ്റ്റോർ
(2) സ്റ്റോർ കീപ്പർ (സെൻട്രൽ സോൺ/ നോർത്ത് സോൺ)
(3) ദക്ഷിണമേഖല ആശുപത്രി സൂപ്രണ്ടുമാരും ഐ.എം.ഒമാരും
(4) ഐ.ടി സെക്ഷൻ (വെബ്സൈറ്റിൽ)
(5) ഫയൽ

എസ്കെവി-20-9-19